# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-4224

17-05-2017-ലെ മറുപടിയ്ക്ക്

**മുഖ്യമന്ത്രിയുടെ ജനസാന്ത്വനഫണ്ട്**

| **ചോദ്യം**<br>**ശ്രീ.പുരുഷൻ കടലുണ്ടി** | **മറുപടി**<br>**മുഖ്യമന്ത്രി,**<br>**പിണറായി വിജയൻ** |
|---|---|
| എ) പാർശ്വവൽക്കരിക്കപ്പെട്ടവരെ സഹായിക്കാനായി രൂപീകരിക്കപ്പെട്ട ജനസാന്ത്വനഫണ്ടിൽ നിന്നും സഹായം ലഭിക്കാനായി നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | ജനസാന്ത്വന ഫണ്ടിൽ നിന്നുംസഹായം ലഭിക്കുന്നതിനായി വിവിധ കളക്ടേറ്റുകളിലും താലൂക്ക്/വില്ലേജ് ഓഫീസുകളിലുമായി 306456 (മൂന്ന് ലക്ഷത്തി ആറായിരത്തി നാന്നൂറ്റി അൻപത്തിയാറ്) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കൂടാതെ ബഹു മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ നിന്നും പതിനായിരത്തോളം അപേക്ഷകളും ലഭിച്ചിട്ടുണ്ട്. |
| ബി) മാരകരോഗങ്ങൾക്കടിമപ്പെട്ട് ഭീമമായ ചികിത്സാ ചെലവ് വരുന്നവർക്ക് സർക്കാരിന്റെ മറ്റേതെങ്കിലും ചികിത്സാസഹായങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ ജനസാന്ത്വനഫണ്ടിൽ നിന്നും സഹായം ലഭിക്കുന്നതിൽ തടസ്സമുണ്ടോ; | പാർശ്വവൽക്കരിക്കപ്പെടുന്ന ജനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഫണ്ട് അപര്യാപ്തമായതിനാൽ കൂടുതൽ ഫണ്ട് സമാഹരിക്കുന്നതിനും വികസനവും ക്ഷേമവും ഏകോപിച്ച് പോകുന്നതിനുമായിട്ടാണ് |

| | |
|---|---|
| | മുഖ്യമന്ത്രിയുടെ ജനസാന്ത്വനഫണ്ടിന് രൂപം നൽകിയിട്ടുള്ളത്. ഫണ്ട് സമാഹരണവും വിനിയോഗവും സംബന്ധിച്ച കാര്യത്തിൽ തീരുമാനമെടുക്കാൻ പോകുന്നതേയുള്ളൂ. |
| സി) ഈ പദ്ധതി പ്രകാരം അപേക്ഷ ലഭിച്ചവർക്ക് സഹായങ്ങൾ നൽകുന്നതിന് എന്താണ് തടസ്സമെന്ന് അറിയിക്കാമോ? | ജനസാന്ത്വനം പദ്ധതിയുടെ നിലവിലെ ഉത്തരവുകളിലെ മാനദണ്ഡങ്ങളുടെ പുനർക്രമീകരണ നടപടികൾ പൂർത്തിയായിവരുകയാണ്. |

സെക്ഷൻ ഓഫീസർ